**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. രാജലക്ഷ്മി. എം. വി, ശ്രീമതി ലിസ്സി. എസ്, ശ്രീ. ദിലീപ് എം.ജി. എന്നവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.(EKM)No.344/2019 നമ്പർ കേസിലെ 19.02.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം. 438/2020/തസ്വഭവ തീയതി, തിരുവനന്തപുരം, 20.02.2020

പരാമർശം :

1. നഗരകാര്യ ഡയറക്ടറുടെ 4.9.2018 തീയതിയിലെ ഇ 6-1161/2018 നമ്പർ ഉത്തരവ്.
2. ശ്രീമതി. രാജലക്ഷ്മി. എം. വി, മുതൽ പേർ സർക്കാരിൽ സമർപ്പിച്ച 07.12.2018 തീയതിയിലെ നിവേദനങ്ങൾ (അനക്ഷർ A4, A5 & A6 )
3. ശ്രീമതി. രാജലക്ഷ്മി. എം. വി, മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.(EKM)No.344/2019 നമ്പർ കേസിലെ 19.2.2019 തീയതിയിലെ വിധിന്യായം
4. നഗരകാര്യഡയറക്ടറുടെ 13.05.2019 തീയതിയിലെ ഇ 6-9204/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗരകാര്യഡയറക്ടറുടെ 07.12.2017-ലെ ഇ 6-37435/2017(2) നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന, കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെഡ്ക്ലാർക്ക്/റവന്യൂഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ താൽക്കാലിക ഗ്രേഡേഷൻ ലിസ്റ്റ് സൂചന 1 പ്രകാരം പുനക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സീനിയോരിറ്റി മറികടന്ന് 9 ഉദ്യോഗസ്ഥർക്ക് സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയെന്നാരോപിച്ച് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. രാജലക്ഷ്മി. എം. വി, ശ്രീമതി ലിസ്സി. എസ്, ശ്രീ. ദിലീപ്

എം.ജി എന്നവർ സൂചന 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇതേ വിഷയത്തിൽ മേൽ ജീവനക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.(EKM)No.344/2019 നമ്പർ കേസിലെ 19.2.2019 തീയതിയിലെ ഉത്തരവുപ്രകാരം അപേക്ഷകർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ A4, A5, A6 പരാതികളിന്മേൽ, പരാതിക്കാരെ നേരിൽ കേട്ടതിനുശേഷം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം 30.10.2019 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി, ശ്രീമതി എം.വി.രാജലക്ഷ്മി മുതൽപ്പേരെ നേരിൽകേട്ടിരുന്നു. അപേക്ഷകരുടെ വാദങ്ങൾ പ്രകാരം, തങ്ങൾ 01.04.2017 മുതൽ ഹെഡ് ക്ലർക്ക്/ റവന്യൂ ഇൻസ്പക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച് ജോലി ചെയ്തുവരുന്നതായും ഹെഡ് ക്ലർക്ക്/ റവന്യൂ ഇൻസ്പക്ടർ തസ്തികയിലെ നിലവിലുള്ള ഗ്രഡേഷൻ ലിസ്റ്റിൽ തങ്ങളുടെ സീനിയോറിറ്റി 87, 99, 108 എന്നിങ്ങനെയാണ് എന്നും ബഹു നഗരകാര്യ ഡയറക്ടറുടെ 04.09.2018-ലെ ഇ 6/1161/18 നമ്പർ ഉത്തരവുപ്രകാരം 07.12.2017-ലെ ഇ 6/37435/2017(2) നമ്പർ ഉത്തരവുപ്രകാരം തയ്യാറാക്കിയിട്ടുള്ള ഹെഡ് ക്ലർക്ക്/ റവന്യൂ ഇൻസ്പക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിലെ തങ്ങളുടെ സീനിയോറിറ്റിക്കു താഴെയുള്ള 13 പേരുടെ സീനിയോറിറ്റി സൂപ്രണ്ട് തസ്തികയിലേക്ക് തങ്ങൾക്ക് മുകളിലായി ഫിക്സ് ചെയ്ത് പുന:ക്രമീകരിച്ച് നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചിരുന്നു. അതേ തീയതിയിലെ അതേ നമ്പർ (നഗരകാര്യ ഡയറക്ടറുടെ 04.09.2018-ലെ ഇ 6/1161/18-നമ്പർ) ഉത്തരവുപ്രകാരം ടിയാളുകൾക്ക് സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ സീനിയോറിറ്റിക്കു താഴെയുള്ളവരെ പുന:ക്രമീകരിച്ച് മുൻ സീനിയോറിറ്റി നൽകി ഉത്തരവാകുന്ന സമയത്ത് തങ്ങളെ അറിയിക്കുകയോ നേരിൽ കേൾക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. അതുകാരണം തങ്ങൾക്ക് യഥാസമയം ലഭിക്കേണ്ട സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള പ്രമോഷൻ നഷ്ടപ്പെടുകയും സീനിയോറിറ്റി പുന:ക്രമീകരിച്ച് അർഹമായ പ്രൊമോഷൻ നൽകാത്തതിനാൽ ആ തീയതി മുതലുള്ള സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥഭരണപരിഷ്കാര(ചട്ടങ്ങൾ) വകുപ്പിന്റെ 10.03.2014-ലെ 524/ആർ1/2013/പി&എആർഡി സർക്കുലർ പ്രകാരം തങ്ങൾക്ക് അർഹമായ സീനിയോറിറ്റി പുന:സ്ഥാപിച്ച് അർഹമായ പ്രൊമോഷനും തങ്ങൾക്ക് നഷ്ടമായ സാമ്പത്തിക ആനുകൂല്യങ്ങളും പ്രസ്തുത തീയതി മുതൽ അനുവദിച്ച് നൽകണമെന്നും ടിയാളുകൾ അപേക്ഷിച്ചിരുന്നു.

3. നഗരകാര്യവകുപ്പ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 ലെ റിപ്പോർട്ട് പ്രകാരം, നഗരകാര്യ ഡയറക്ടറുടെ 13.05.2005, 24.08.2005, 12.01.2006 തീയതികളിലെ ബി7-20415/2004-ാം നമ്പർ ഉത്തരവുകൾ പ്രകാരം കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ

സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർക്ക് സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളതും കൂടാതെ ടി ഉത്തരവുകൾ പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ സീനിയോരിറ്റി പുന:ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും ഉത്തരവായിരുന്നു. എന്നാൽ 24/08/2005, 12.01.2006 തീയതികളിലെ ഉത്തരവുകളിൽ ഉൾപ്പെട്ടിരുന്ന ചില ജീവനക്കാർക്ക് കോടതി വിധിയുടേയും ജീവനക്കാരുടെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ 13.05.2005-ലെ ബി7-20415/2004-ാം നമ്പർ ഉത്തരവിൽ ഉൾപ്പെടുത്തി സീനിയോറിറ്റി പുന:ക്രമീകരിച്ച് നൽകിയിട്ടുള്ളതാണ്. നഗരകാര്യഡയറക്ടറുടെ 24.08.2005, 12.01.2006 എന്നീ തീയതികളിലെ ഉദ്യോഗക്കയറ്റ ഉത്തരവുകളിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതും സീനിയോറിറ്റി പുന:ക്രമീകരിച്ചു ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിലും നാളിതുവരെ സീനിയോറിറ്റി പുന:ക്രമീകരിച്ചു ലഭിച്ചിട്ടില്ലാത്ത ജീവനക്കാരുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിച്ചുകൊണ്ട് 19.08.2018-ലെ ഇ 3-1312/18-ാം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുനർനിർണയം ചെയ്തിട്ടുള്ള പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി എം.വി.രാജലക്ഷ്മി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഹെഡ് ക്ലർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി മറികടന്ന് സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നല്കേണ്ടിവന്നിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും പരാതിക്കാരുടെ വാദങ്ങളുടേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ 24.08.2005, 12.01.2006 എന്നീ തീയതികളിലെ ഉദ്യോഗക്കയറ്റ ഉത്തരവുകളിൽ ഉൾപ്പെട്ട് സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതും സീനിയോറിറ്റി പുന:ക്രമീകരിച്ചു ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിലും സീനിയോറിറ്റി പുന:ക്രമീകരിച്ചു ലഭിയ്ക്കാതിരുന്നതുമായ ജീവനക്കാരുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിച്ചുകൊണ്ട് 19.08.2018-ലെ, ഇ 3-1312/18-ാം നമ്പരായി നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുനർനിർണയം ചെയ്തുകൊണ്ടുള്ള പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി എം.വി.രാജലക്ഷ്മി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി മറികടന്ന്,സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ നിലവിലെ സ്ഥിതി തുടരുന്നതോടൊപ്പം പരാതിക്കാരെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി.

രാജലക്ഷ്മി. എം. വി, മുതൽ പേർ സർക്കാരിൽ സമർപ്പിച്ച അനക്ഷർ A4, A5 & A6 നിവേദനങ്ങൾ തീർപ്പാക്കി ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.02.2019 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം( ആമുഖ കത്ത് സഹിതം)

ശ്രീമതി. രാജലക്ഷ്മി. എം. വി, റവന്യൂ ഇൻസ്പെക്ടർ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ (നഗരകാര്യഡയറക്ടർ മുഖേന)

ശ്രീമതി ലിസ്സി. എസ് , റവന്യൂ ഇൻസ്പെക്ടർ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ (നഗരകാര്യഡയറക്ടർ മുഖേന)

ശ്രീ. ദിലീപ് എം.ജി, റവന്യൂ ഇൻസ്പെക്ടർ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ (നഗരകാര്യഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ